**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

------------------- ---------------------------------------------

**പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂൺ 06 വ്യാഴം**

------------------- ---------------------------------------------

# കുട്ടികൾ നിർമിച്ച എൽ.ഇ.ഡിയുടെ പ്രഭയിൽ പാതിരപ്പള്ളി വി.വി.എസ്.ഡി.യു.പിയിൽ പ്രവേശനോത്സവം

ആലപ്പുഴ: തൊണ്ണൂറ് വർഷം കഴിഞ്ഞ ആലപ്പുഴയിലെ പാതിരപ്പള്ളി വി.വി.എസ്.ഡി.യു.പി സ്കൂളിലെ പ്രവേശനോത്സവം അവിടുത്തെ കുട്ടികൾ തന്നെ നിർമിച്ച എൽ.ഇ.ഡി.ബൾബുകളുടെ വിതരണോദ്ഘാടനത്തോടെയായത് വ്യത്യസ്ത അനുഭവമായി. സംസ്ഥാനത്ത് തന്നെ പുതുമ നിറഞ്ഞ പരീക്ഷണമാണ് ഈ പ്രവേശനോത്സവത്തിന് മുമ്പ് സ്കൂൾ യാഥാർഥ്യമാക്കിയത്.

പ്രവേശനോത്സവത്തിന് എത്തിയ ധനമന്ത്രി ഡോ. ടി.എം.തോമസ് ഐസക് സ്കൂളിലെ ഒരു മാസം മുമ്പ് പ്രവർത്തനം തുടങ്ങിയ എൽ.ഇ.ഡി ബൾബ് നിർമാണ യൂണിറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. എൽ.ഇ.ഡി നിർമാണത്തിന് മുന്നിട്ടിറങ്ങിയ സ്കൂളിലെ പ്രവൃത്തി പരിചയ ക്ലബ്ബിന് പൊതു വിദ്യാഭ്യാസ വകുപ്പ് 60,000 രൂപ നൽകിയിരുന്നു. ഇത് ഉപയോഗിച്ചാണ് പ്രാഥമിക ചെലവുകൾ നിർവഹിച്ചത്. പഠനത്തോടൊപ്പം കുട്ടകൾക്ക് ചെറിയ വരുമാന മാർഗ്ഗം കൂടി നൽകുക എന്നതാണ് പദ്ധതികൊണ്ട് സ്കൂൾ അധികൃതർ ഉദ്ദേശിച്ചത്. 20 കുട്ടികളാണ് ക്ലബ്ബിലുള്ളത്. ഇതുവരെ 300 ബൾബുകൾ കുട്ടികൾ നിർമിച്ചു. ഒരു ബൾബ് പൂർത്തിയാകുമ്പോൾ കുട്ടിക്ക് അഞ്ചുരൂപ ലഭിക്കും. ലാഭം കുട്ടികൾക്ക് തന്നെ നൽകുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രവൃത്തി പരിചയ വിഭാഗം ജില്ലാ സെക്രട്ടറി പി.പി.പോളിന്റെ നേതൃത്വത്തിലാണ് കുട്ടികൾക്ക് ഇതിനായി പരിശീലനം നൽകിയത്. ബൾബിനൊപ്പം പേപ്പർ പേന, ഫയൽ എന്നിവയും കുട്ടികൾ നിർമിക്കുന്നുണ്ട്. 12 വാട്ടിന്റെയും ഒമ്പത് വാട്ടിന്റെയും രണ്ട് എൽ.ഇ.ഡി ഒരുമിച്ച് വാങ്ങിയാൽ 200രൂപയ്ക്ക് ലഭിക്കും. അഞ്ച് വാട്ടിന്റെ എൽ.ഇ.ഡിയ്ക്ക് 70 രൂപയാണ് ഈടാക്കുന്നത്. മന്ത്രി തോമസ് ഐസക്ക് നിർമാണത്തിന്റെ വിധം കുട്ടികളിൽ നിന്ന് നേരിട്ട് ചോദിച്ച് മനസ്സിലാക്കി. തുടർന്ന് സ്കൂളിൽ അദ്ദേഹത്തിന്റെ ഫണ്ടിൽ നിന്ന് നാല് ലക്ഷം രൂപ ചെലവഴിച്ചു നിർമിച്ച ആർ.ഓ പ്ലന്റിന്റെ ഉദ്ഘാടനവും നിർവഹിച്ചു. അദ്ദേഹത്തിന്റെ തന്നെ ഫണ്ട് ഉപയോഗിച്ച് 2.30 ലക്ഷം രൂപ ചെലഴിച്ച് നിർമിക്കുന്ന സ്മാർട്ട് ക്ലാസ് റൂമിന്റെ നിർമാണ പുരോഗതിയും നോക്കിക്കണ്ടു. 91 വിദ്യാർത്ഥികൾ പുതുതായി ചേർന്ന സ്കൂളിൽ വിപുലമായ രീതിയിലാണ് പ്രവേശനോത്സവം സംഘടിപ്പിച്ചത്. സമ്മേളനം മന്ത്രി ടി.എം.തോമസ് ഐസക് ഉദ്ഘാടനം ചെയ്തു.

കുട്ടികൾക്ക് മുഖ്യമന്ത്രി എഴുതിയ കത്തിന്റെ വിതരണവും മന്ത്രി നിർവഹിച്ചു. കേരളത്തിൽ ജലസമ്പത്ത് സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിവരിക്കുന്നതാണ് കത്ത്. മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇന്ദിരാ തിലകൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.പി.സ്നേഹജൻ, വാർഡ് മെമ്പർ മുത്തുലക്ഷ്മി ഗോപാലകൃഷ്ണൻ, പ്രധാന അധ്യാപിക എസ്.സിന്ധു, പ്രവൃത്തി പരിചയ സ്പെഷൽ ഓഫീസർ എസ്.രാജീവ്, പി.ടി.എ പ്രസിഡന്റ് കെ.വി.സജിതകുമാർ, പി.കെ.സീന എന്നിവർ പ്രസംഗിച്ചു.മന്ത്രിയുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞ മിടുക്കർക്ക് മന്ത്രി തന്നെ മിഠായി വിതരണം ചെയ്തു. വിദ്യഭ്യാസ പിന്തുണ പ്രവർത്തനങ്ങൾ സ്കൂളിന് വെളിയിലേക്കും വ്യാപിപ്പിക്കുകയാണെന്ന് മന്ത്രി തോമസ് ഐസക് പറഞ്ഞു. അഞ്ഞൂറിന് മുകളിൽ വിദ്യാർഥികളുള്ള സ്കൂളുകൾക്ക് പുതിയ കെട്ടിടം പണിയും. ഒന്നാം ക്ലാസ് മുതൽ ഈ വർഷം കംപ്യൂട്ടർ എത്തുകയാണെന്നും മന്ത്രി പറഞ്ഞു. സ്കൂളുകൾക്ക് അത്യാവശ്യ ഫർണീച്ചർ വാങ്ങുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

**(ചിത്രമുണ്ട്)**

# കെയർഹോം പദ്ധതി; വീട് നിർമാണം ത്വരിതഗതിയിലാക്കണമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ

ആലപ്പുഴ: സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രളയാനന്തരം നടപ്പാക്കുന്ന വീട് നിർമാണ പദ്ധതിയായ കെയർഹോം വഴി ജില്ലയിൽ പൂർത്തിയായത് 50 വീടുകൾ. ആകെ 201 വീടുകളാണ് ജില്ലയ്ക്ക് അനുവദിച്ചിരുന്നത്. മറ്റ് വീടുകളുടെ നിർമാണം ആരംഭിച്ചെങ്കിലും നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ് ഇവ. ജില്ലയിൽ വീടുകളുടെ നിർമാണ പുരോഗതി തീരെ മന്ദഗതിയിലാണെന്നും എല്ലാ ഭാഗത്തുനിന്നും സഹകരിച്ച് എത്രയും വേഗം പരമാവധി വീടുകൾ പൂർത്തിയാക്കണമെന്നും മന്ത്രി നിർദ്ദേശം നൽകി. അഞ്ച് ലക്ഷം രൂപയാണ് ഒരു വീടിന് കെയർഹോം പദ്ധതി പ്രകാരം നൽകുന്നത്. കുട്ടനാട്ടിൽ കൂടുതൽ ചെലവ് ഉണ്ടാകുമെന്ന് കണക്കാക്കി അധിക തുക സംബന്ധിച്ച് ഒരു സമിതി രൂപവത്കരിച്ച് റിപ്പോർട്ട് നൽകാൻ വകുപ്പ് നിർദ്ദേശം നൽകിയിരുന്നു. ഇതുവരെ ആവശ്യപ്പെട്ട തുക അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. മറ്റ് തടസ്സങ്ങളിലേക്ക് വലിച്ചിഴയ്ക്കാതെ എത്രയും വേഗം വീട് നിർമാണം പൂർത്തീകരിക്കാൻ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. മാവേലിക്കര താലൂക്കിൽ 25 വീടുകൾ അനുവദിച്ചതിൽ 11 എണ്ണമാണ് പൂർത്തീകരിച്ചത്. അമ്പലപ്പുഴ താലൂക്കിൽ 38 വീടുകൾ അനുവദിച്ചതിൽ അഞ്ചെണ്ണമാണ് പൂർത്തീകരിച്ചത്. കാർത്തികപ്പള്ളി താലൂക്കിൽ 24 എണ്ണത്തിൽ അഞ്ചെണ്ണം പൂർത്തീകരിച്ചു. ചേർത്തല താലൂക്കിൽ 11 എണ്ണത്തിൽ ഏഴെണ്ണം പൂർത്തീകരിച്ചു. കുട്ടനാട് താലൂക്കിൽ 75 എണ്ണത്തിൽ ഏഴെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.ചെങ്ങന്നൂർ താലൂക്കിൽ 28 വീടുകളിൽ 15 എണ്ണമാണ് പൂർത്തിയായത്. ജില്ലയിൽ ആകെ 115 വീടുകൾക്കാണ് ഒന്നാംഘട്ടത്തിൽ അനുമതി നൽകിയത്. തുടർന്ന് രണ്ടാം ഘട്ടമായി 26 എണ്ണത്തിന് അനുമതി നൽകി. മൂന്നാം ഘട്ടത്തിൽ 60 വീടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി, സഹകരണ രജിസ്ട്രാർ എസ്.ഷാനവാസ്, ജോയിന്റ് രജിസ്ട്രാർ സുരേഷ് മാധവൻ എന്നിവർ യോഗത്തിൽ സ്ഥിതി വിവരക്കണക്കുകൾ അവതരിപ്പിച്ചു. കെയർ ഹോമുമായി ബന്ധപ്പെട്ട ജില്ലാ തല കോ-ഓർഡിനേഷൻ കമ്മറ്റി

അടിയന്തിരമായി വിളിച്ചുചേർക്കണമെന്ന് വകുപ്പു സെക്രട്ടറി നിർദ്ദേശം നൽകി.

**(ചിത്രമുണ്ട്)**